"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മലപ്പുറം ജില്ല - വേങ്ങര ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിലെ കുറുവിൽക്കണ്ട് അങ്കണവാടിയിലേക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്ന പദ്ധതി നേരിട്ട് നടപ്പാക്കുന്നതിനു വേങ്ങര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2685/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

---

പരാമർശം:-

1. വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.08.2024- ലെ തീരുമാനം നമ്പർ 12/1 (SRG/ 853/24 – CC /509/24)
2. വേങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.08.2024- ലെ കത്ത്
3. 30.01.2025-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.25

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ വേങ്ങര ഗ്രാമപഞ്ചായത്ത് പന്ത്രണ്ടാം വാർഡിലെ കുറുവിൽക്കണ്ട് അങ്കണവാടിയിലേക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിന് 2024-25 വാർഷിക പദ്ധതിയിൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളതാണ്. എന്നാൽ കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ വിഹിതം ഉൾപ്പെടെ ലഭ്യമാവുന്ന ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്ന സാഹചര്യത്തിൽ ജലനിധി പദ്ധതി മുഖേന പുതിയ കണക്ഷൻ എടുക്കുന്നതിന് വേണ്ട പദ്ധതി (പ്രോജക്റ്റ് നമ്പർ 310/25, അടങ്കൽ 1,50,000 രൂപ -തനത് ഫണ്ട്, പദ്ധതിയുടെ പേര് -കുറുവിൽക്കണ്ട് അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ) ഏറ്റെടുക്കുന്നത് അനുവദനീയമാവുകയില്ലെന്നു സെക്രട്ടറി ഭരണ സമിതിയെ അറിയിച്ചിരുന്നു.

2. വേങ്ങര ഗ്രാമപഞ്ചായത്തിൽ പുതുതായി നിർമ്മിച്ച സ്മാർട്ട് അങ്കണവാടി കെട്ടിടത്തിൽ അങ്കണവാടി പ്രവർത്തനം തുടങ്ങുന്നതിന് കുടിവെള്ള കണക്ഷൻ ലഭിക്കേണ്ടത് അത്യാവശ്യമാണെന്ന് വാർഡ് മെമ്പർ അറിയിച്ചതിനാലും പൊതു ആവശ്യമായതിനാലും ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്നതിന് കൂടുതൽ സമയമെടുക്കുമെന്നതിനാലും അങ്കണവാടി നിലവിൽ വാടക

കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നതിനാലും വേങ്ങര ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് 1,50,000/- രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം മാത്രം) വകയിരുത്തുന്നതിനും ടി പദ്ധതി KWA/KRWSA മുഖേന ഡെപോസിറ്റ് പ്രവർത്തിയായി ചെയ്യുന്നതിനും അനുമതി ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) ലെ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വേങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു.

3. വേങ്ങര ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതി ജലനിധി മുഖേനയാണ് നടപ്പാക്കുന്നത് എന്നതിനാലും വാട്ടർ സോഴ്സിന്റെയടക്കം പ്രശ്നമുള്ളതിനാൽ ജലജീവൻ മിഷൻ പദ്ധതി വേങ്ങരയിൽ ആരംഭിക്കാൻ പോകുന്നതേയുള്ളൂ എന്നതിനാലും ഈ പ്രോജക്ട് ഗ്രാമപഞ്ചായത്തിന് നേരിട്ട് നടപ്പാക്കാവുന്നതാണ് എന്നും കേരള വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യേണ്ടതില്ല എന്നും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. വേങ്ങര ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിലെ കുറുവിൽക്കണ്ട് അങ്കണവാടിയിലേക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്ന പദ്ധതി നേരിട്ട് നടപ്പാക്കുന്നതിനു വേങ്ങര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, വേങ്ങര ഗ്രാമപഞ്ചായത്ത്, മലപ്പുറം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 06-11-2025 10:28:54